## പതിനാലാം കേരള നിയമസഭ

### അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത**
**ചോദ്യം നമ്പർ: 3960**

16.05.2017 - ൽ
മറുപടിക്ക്

### മാവേലിക്കര മണ്ഡലത്തിൽ ആധുനിക രീതിയിലുള്ള നഴ്സറി

**ചോദ്യം**
**ശ്രീ.ആർ.രാജേഷ്**

**മറുപടി**
**ശ്രീ.വി.എസ്.സുനിൽ കുമാർ**
(കൃഷി വകുപ്പ് മന്ത്രി)

എ) മാവേലിക്കര മണ്ഡലത്തിലെ തഴക്കര പഞ്ചായത്തിൽ സ്ഥിതി ചെയ്യുന്ന ജില്ലാ കൃഷിതോട്ടത്തിൽ ആധുനിക രീതിയിലുള്ള നഴ്സറി ആരംഭിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

എ) ആധുനിക രീതിയിലുള്ള നഴ്സറി ആരംഭിക്കുന്നതിന് മാവേലിക്കര ജില്ലാ കൃഷിതോട്ടത്തിൽ ചുവടെ പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

1. ഒരേ സമയം 2 ലക്ഷം കുരുമുളക് വള്ളികൾ ഉല്പാദിപ്പിക്കാൻ കഴിയുന്ന ഗ്രീൻഹൗസ് നഴ്സറികൾ.
2. 20000 ടിഷ്യൂകൾച്ചർ വാഴകൾ ഹാർഡനിംഗ് ചെയ്യുന്നതിനുള്ള ഗ്രീൻഹൗസ് നഴ്സറികൾ.
3. ഒരേ സമയം 50000 പച്ചക്കറിതൈകൾ ഉല്പാദിപ്പിക്കാൻ സൗകര്യമുള്ള പ്രോട്രേ.
4. വിളയില്ലാത്ത സമയത്ത് ഏകദേശം 75000 പച്ചക്കറിതൈകൾ ഉല്പാദിപ്പിക്കാൻ സൗകര്യമുള്ള 500 എം2 പോളിഹൗസ്.
5. ഒരേ സമയം ഒരു ലക്ഷം തെങ്ങിൻതൈകൾ ഉല്പാദിപ്പിക്കാൻ കഴിയുന്ന ഗ്രീൻഹൗസുകൾ.
6. റാപ്പിഡ് മൾട്ടിപ്ളിക്കേഷൻ വഴി കുരുമുളക് വള്ളികൾ ഉല്പാദിപ്പിക്കാൻ കഴിയുന്ന ഗ്രീൻ ഹൗസുകൾ.

സെക്ഷൻ ഓഫീസർ